**നിയമനിർമ്മാണകാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:**

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ

(ii) 2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പ്രസ്തുത ബില്ലുകളുമായി ബന്ധപ്പെട്ട് കുറച്ച് കാര്യങ്ങൾ സൂചിപ്പിക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ മലയോര മേഖലകളിലും സംസ്ഥാനത്ത് പൊതുവെയും കഴിഞ്ഞ കുറെ കാലമായി ചർച്ച ചെയ്യപ്പെടുന്ന, ജനജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഇത്തരമൊരു നിയമ ഭേദഗതിയിലൂടെ കേരള സർക്കാർ പരിഹരിക്കാൻ ശ്രമിക്കുന്നത്. 2025-ലെ കേരള വന (ഭേദഗതി) ബില്ലിൽ നിരവധി മാറ്റങ്ങൾ കർഷക സമൂഹം ആവശ്യപ്പെടുന്നുണ്ടെങ്കിലും ചന്ദനമരം മുറിച്ച് വില്പന നടത്തുന്ന കാര്യത്തിൽ അവർക്ക് നിലവിൽ അധികാരം നൽകിയിട്ടില്ല. എന്നുമാത്രമല്ല, അവിടങ്ങളിലെ ചന്ദനമരങ്ങൾ ആരെങ്കിലും മുറിച്ചുകൊണ്ടുപോയാൽ ടി പ്രശ്നവുമായി ബന്ധപ്പെട്ട് സ്ഥലം ഉടമസ്ഥന്റെ പേരിലാണ് ഇപ്പോൾ കേസെടുക്കുന്നത്. അതുകൊണ്ടുതന്നെ ചന്ദനമരം വച്ചുപിടിപ്പിക്കാനും ടി കൃഷി വ്യാപകമാക്കാനും സർക്കാർ ആവിഷ്കരിക്കുന്ന പരിപാടികളോട് സഹകരിക്കാൻ കർഷക സമൂഹത്തിന് കഴിയുന്നില്ല. നമ്മുടെ സംസ്ഥാനം ഒരു കോടി ചന്ദനത്തൈകൾ നട്ടുവളർത്താൻ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിക്കുകയാണ്. പക്ഷെ ചന്ദനമരം മുറിക്കാൻ ശ്രമിച്ചാൽ ജയിലിൽ പോകുന്ന ഒരു സാഹചര്യമുണ്ടാകുമ്പോൾ

ആരുംതന്നെ ചന്ദനമരം നട്ടുപിടിപ്പിക്കാൻ തയ്യാറാകുകയില്ല. ആ സാഹചര്യത്തിൽ സ്വകാര്യ ഭൂമിയിലെ ചന്ദനമരം വനം വകുപ്പ് മുഖേന മുറിച്ച് വില്പന നടത്താൻ പര്യാപ്തമായ ഒരു ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അതായത് ചന്ദനമരം മുറിച്ച് ഡിപ്പോയിൽ ഏല്പിച്ചാൽ, ചന്ദനമരത്തിന്റെ വില ആദ്യംതന്നെ കർഷകന് ലഭ്യമാക്കുന്ന വിധത്തിലുള്ള ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളത്. അത് കർഷകരെ സംബന്ധിച്ചിടത്തോളം ഏറെ അനുഗ്രഹമായ ഒരു നിയമമായിരിക്കുമെന്ന് ഞാൻ കരുതുകയാണ്. വന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പല നിസ്സാരകേസുകളും വർഷങ്ങളോളം കോടതിയിൽ കെട്ടിക്കിടക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. കൃത്യസമയത്ത് കേസ് തീരുകയില്ലെന്ന് മാത്രമല്ല, വകുപ്പിനോ ജനങ്ങൾക്കോ അതിന്റെ പ്രയോജനം കിട്ടുകയുമില്ല എന്ന വല്ലാത്തൊരു അവസ്ഥയിൽ കഴിയുന്ന ഈ സാഹചര്യത്തിൽ, കോടതിയിലെത്തുന്ന വനകുറ്റകൃത്യങ്ങൾ കോമ്പൗണ്ട് ചെയ്യാനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തിയാണ് സഭയുടെ മുമ്പാകെ ഈ ബില്ലിലെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്. ടി രണ്ട് ഭേദഗതികളും നിലവിൽ വരുന്നതോടെ കർഷകർക്ക് വലിയൊരു ആശ്വാസം നൽകാൻ

കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ, കേരള വന്യജീവി സംരക്ഷണ (കേരള ഭേദഗതി) ബിൽ സംബന്ധിച്ചും സൂചിപ്പിക്കേണ്ടതുണ്ട്. വന്യജീവി ആക്രമണം സംബന്ധിച്ച വളരെ രൂക്ഷമായ പ്രശ്നങ്ങളാണ് ഇന്ന് രാവിലെയും സഭയിലെ അംഗങ്ങൾ ഉന്നയിച്ചത്. അവരുടെ അനുഭവത്തിൽ നിന്നുള്ള ഉത്കണ്ഠയാണ് ഇവിടെ പരാമർശിച്ചത്. 1972-ലെ കേന്ദ്ര വനം വന്യജീവി സംരക്ഷണ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തണമെന്ന് ഈ സഭതന്നെ ഐകകണ്ഠ്യേന ഒരു ഉപക്ഷേപത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ഉപക്ഷേപം പാസ്സാക്കുന്നതിന് മുമ്പും അതിനുശേഷവും പലതവണ ഈ ആവശ്യം നേരിട്ടും കത്ത് മുഖാന്തരവും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അവർ അപ്രായോഗികമായ വ്യവസ്ഥകൾ അങ്ങനെതന്നെ തുടരട്ടെയെന്ന നിലപാടാണ് സ്വീകരിച്ചത്. ഏറ്റവും ഒടുവിൽ ലോക്സഭാ തിരഞ്ഞെടുപ്പിന് മുമ്പ് ഞാനും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പുമന്ത്രിയെ നേരിൽകണ്ട് കേരളം അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. നിഷേധാത്മകമായ നിലപാട് എന്ന വാക്ക് കഠിനമാണെങ്കിൽ അത്

ഞങ്ങൾക്ക് അവിടെനിന്നും അനുഭവിക്കേണ്ടിവന്നു. അതുകൂടാതെ കേരള നിയമസഭയിലെ സബ്ജക്ട് കമ്മിറ്റി അംഗങ്ങളും ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയെ നേരിൽകണ്ട് സബ്ജക്ട് കമ്മിറ്റിക്കുമുമ്പിലുള്ള പ്രശ്നങ്ങളും ടി വിഷയവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ നിഗമനങ്ങളും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അത് പറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് ബഹുമാനപ്പെട്ട സണ്ണി ജോസഫ് എം.എൽ.എ. ഈ സഭയിലേക്ക് കടന്നുവരുന്നത്. കേന്ദ്ര വകുപ്പുമന്ത്രിയെ സന്ദർശിക്കുന്ന അവസരത്തിൽ അദ്ദേഹവും ഒപ്പമുണ്ടായിരുന്നു. ഇവിടെ യാതൊരു അഭിപ്രായ വ്യത്യാസവുമില്ലാത്ത കാര്യത്തിൽ കേന്ദ്രം നിഷേധാത്മകമായ നിലപാട് സ്വീകരിച്ചപ്പോൾ എങ്ങനെ കർഷക സമൂഹത്തെ സഹായിക്കാൻ കഴിയും എന്ന ഒരു ആലോചനയാണ് പിന്നീട് ഞങ്ങൾ നടത്തിയത്. അങ്ങനെ പരിശോധിച്ചപ്പോൾ ഇത് കൺകറണ്ട് ലിസ്റ്റിൽപ്പെട്ട നിയമമാണ്. ആ നിയമത്തിൽ ഭേദഗതി വരുത്തണമെങ്കിൽ ഏറ്റവും ഒടുവിൽ ആ ഭേദഗതി ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടിവരുമെന്ന് ചില നിയമവിദഗ്ധർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യം എ.ജി.-യോടും മറ്റ് നിയമവിദഗ്ധരോടും കേരളത്തിന്റെ നിയമവകുപ്പുമായും ചർച്ച ചെയ്തപ്പോൾ

ഇങ്ങനെയൊരു നിയമഭേദഗതി അവതരിപ്പിക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഒന്നുംതന്നെയില്ലെന്ന ഉപദേശമാണ് ഞങ്ങൾക്ക് ലഭിച്ചത്. അതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള ബിൽ കൊണ്ടുവന്നത്. കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന ഒരു ഭേദഗതിയാണ് നമുക്ക് പ്രധാനമായും വേണ്ടത്. അങ്ങനെ വന്നാൽ ഈ പറയുന്നതുപോലെയുള്ള നടപടികളൊന്നും ഇല്ലാതെതന്നെ കാട്ടുപന്നിയെ വെടിവയ്ക്കാൻ കഴിയും. സഭയിലെ പല അംഗങ്ങളുടെയും സംസാരത്തിൽ, പരസ്യമായിയെന്ന് ഞാൻ പറയുന്നില്ല, അതിന്റെ ഇറച്ചി ഭക്ഷിക്കാനും കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതാണ് ശരിയായ വഴിയെന്ന് ഞാനും കരുതുന്നത്. മറ്റൊരു ഗുരുതരമായ അവസ്ഥയെന്ന് പറയുന്നത്, കേന്ദ്രമന്ത്രിയും മന്ത്രിസഭയിലെ ഉദ്യോഗസ്ഥരും കേരളത്തിൽ വരുമ്പോൾ ടി വിഷയത്തിൽ എല്ലാ അധികാരവും സംസ്ഥാന സർക്കാരിനുണ്ടെന്നും സംസ്ഥാന സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കട്ടെയെന്നും പറയുകയുണ്ടായി. ഞങ്ങൾ അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിലേക്ക് രണ്ട് കത്തുകളയച്ചു. മന്ത്രിയെന്ന നിലയിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ

ച്ചമതലയുള്ള ക്യാബിനറ്റ് മന്ത്രിക്കാണ് ഞാൻ കത്തയച്ചത്. ക്യാബിനറ്റിന്റെ നിർദേശമനുസരിച്ച്, അവിടുത്തെ സെക്രട്ടറിക്കും കത്തയച്ചു. രണ്ടിനും രണ്ട് മറുപടിയാണ് ലഭിച്ചത്. കേന്ദ്രമന്ത്രിയുടെ കത്തിൽ അധികാരമുണ്ടെന്ന് പറയുകയും എന്നാൽ സെക്രട്ടറിയുടെ കത്തിൽ അധികാരമില്ലെന്ന് പറയുകയും ചെയ്യുന്ന രണ്ടുനയം സ്വീകരിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളെ രണ്ടുതരത്തിൽ തെറ്റിദ്ധരിപ്പിച്ച് സർക്കാർവിരുദ്ധ മനോഭാവം വളർത്തുന്നതിനുവേണ്ടിയിട്ടുള്ള രാഷ്ട്രീയ ഗൂഢാലോചന വരെ നടന്നുവെന്ന് ഈ ഘട്ടത്തിൽ ഇവിടെ പറയാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ജനങ്ങൾക്കേറെ ആശ്വാസം നൽകുന്ന ഈ രണ്ട് ബില്ലുകളും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സബ്ജക്ട് കമ്മിറ്റി മുമ്പാകെ വരുന്ന ഭേദഗതികളും ശിപാർശകളും കൂടി പരിഗണിച്ചതിനുശേഷം, സഭയിൽ വീണ്ടും അവതരിപ്പിക്കുക എന്ന നടപടിക്രമം പാലിച്ചുകൊണ്ടുതന്നെ നമുക്ക് ഈ ബിൽ നിയമവിധേയമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിന് എല്ലാവരുടെയും പിന്തുണ ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: രണ്ട് ബില്ലുകളും സംബന്ധിച്ച ചർച്ച ഒന്നിച്ചു

നടത്താവുന്നതാണ്.

ശ്രീ. വി. ജോയി: സർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഗവൺമെന്റ് വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങൾ ഒഴികെയുള്ള സ്വകാര്യ ഭൂമികളിൽനിന്ന് ചന്ദനമരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുവാനും ഭൂവുടമകൾക്ക് വനം വകുപ്പ് മുഖേന അവരുടെ ചന്ദനമരങ്ങൾ വിൽക്കാനുള്ള അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ബില്ലാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. ചന്ദനം എന്ന് പറയുന്നത് പ്രകൃതിയുടെ ഒരു വരദാനമാണ്. കേരളത്തിന്റെ സംസ്കാര സുഗന്ധമാണ് ചന്ദനം എന്ന് നമുക്ക് പറയേണ്ടതായി വരും. ചന്ദനത്തിന്റെ സൗമ്യമായ വാസന ആരെയും മത്ത് പിടിപ്പിക്കുന്നതാണ്, വല്ലാതെ കൊതിപ്പിക്കുകയും ചെയ്യും. അതിന്റെ ഔഷധ ഗുണങ്ങളെപ്പറ്റി പറഞ്ഞാൽ തീരില്ല. മറയൂർ ചന്ദനമാണെങ്കിൽ അതിപ്രശസ്തവുമാണ്. ദേവാലയങ്ങളിലെ ചന്ദനകുട്ടും ചന്ദനത്തിരിയും ഒരു കാലത്തും നമുക്ക് ഒഴിവാക്കാൻ സാധിക്കില്ല. ഒരു കിലോ ചന്ദനത്തിന്റെ കാതലിന് 8500 രൂപയിലധികം വില വരും. ഒരു

മരത്തിന് ശരാശരി 7 കിലോ കാതൽവരെ ഉണ്ടാകും. ചിലപ്പോൾ അതിനു മുകളിലും ഉണ്ടാകും. അങ്ങനെയാണെങ്കിൽ 60,000 രൂപ വരെ വില വരും. ഒരു ഏക്കറിൽ 140-160 ചന്ദനമരം വരെ നട്ട് കൃഷി നടത്തിയാൽ ഏതാണ്ട് ഒരു കോടി രൂപ വരെ ആദായം കിട്ടുന്നതാണ്. കേരളത്തിന്റെ കാലാവസ്ഥയുമായി പൊരുത്തപ്പെട്ടുപോകുന്ന മരമാണ് ചന്ദനം. ഇത്രയും വലിയ വിലയുള്ളതുകൊണ്ടാണ് ചന്ദനം കടത്തുന്നതും മോഷ്ടിക്കുന്നതും. മറയൂരിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലും നാട്ടുപ്രദേശങ്ങളിലുമെല്ലാം ചന്ദനമരം നിൽക്കുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് രാത്രിയിൽവന്ന് മുറിച്ചുകൊണ്ട് പോകുന്നത് സാധാരണ നിലയിൽ പതിവാണ്. ചന്ദത്തിന് വലിയ വിലയാണ് ലഭിക്കുന്നത്. യു.ഡി.എഫ്. മന്ത്രിസഭയുടെ കാലത്ത് ഒരു മന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞത്, താൻ ചാർജ് എടുക്കുമ്പോൾ പ്രതിമാസം 15 കോടി രൂപയുടെ നഷ്ടം ഉണ്ടായിരുന്നുയെന്നാണ്. കാരണം ഇത് മുറിച്ചുമാറ്റുന്നുയെന്ന നിലയിലാണ് അദ്ദേഹം പറഞ്ഞത്. യു.ഡി.എഫ്.-ന്റെ കാലത്ത് മൂന്നര വർഷം കഴിഞ്ഞിട്ടാണ് അദ്ദേഹം ഈ വകുപ്പ് കൈകാര്യം ചെയ്തത്. ആ മൂന്നര വർഷക്കാലംകൊണ്ട് 2500 കോടി രൂപയുടെ നഷ്ടം സംഭവിച്ചുയെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

നമ്മുടെ നാട്ടിൽ അനധികൃതമായി ചന്ദന ഫാക്ടറികൾ ധാരാളമുണ്ട്. അതിൽ പ്രധാനമായും 10-12 ചന്ദന ഫാക്ടറികളുള്ളത് പാലക്കാടാണ്. ചന്ദനതൈലം വാറ്റിയെടുക്കുകയാണ് ചെയ്യുന്നത്. ചന്ദനത്തൈലത്തിന്റെ ഒരു തുള്ളി നമ്മൾ കൈത്തണ്ടയിലോ ശരീരത്തിലോ ശരീരത്തിന്റെ ഭാഗങ്ങളിലോ തേച്ചാൽ അന്ന് മുഴുവൻ അതിന്റെ സുഗന്ധം അറിയാൻ കഴിയും. അതുകൊണ്ട് ചന്ദനമെന്ന് പറയുന്നത് അതിപ്രാധാന്യമുള്ള ഒരു കാര്യമാണ്. ഹൈക്കോടതി പല ഘട്ടങ്ങളിലും അനധികൃതമായ ചന്ദന ഫാക്ടറികൾക്കെതിരായി നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ അന്നിരുന്ന ഭരണസമിതി ഒന്നും അതിന് വേണ്ടത്ര നടപടികൾ സ്വീകരിച്ചില്ല. മറയൂരിലെ ചന്ദനമാണ് ഏറ്റവും മേന്മയേറിയ ചന്ദനം. അത് മറയൂരിൽനിന്ന് അടിച്ചുമാറ്റുകയാണ് പ്രധാനമായും ചെയ്യുന്നത്. ചന്ദന മാഫിയ എന്തിനും തയ്യാറായിട്ടാണ് നിൽക്കുന്നത്. അവർ വനപാലകരെപോലും പലപ്പോഴും ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതിന്റെ വലിയ വിലയാണ് ഇത്തരം ചില കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ഇവരെ പ്രേരിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ വീടുകളിൽ ചന്ദനം വച്ചുപിടിപ്പിക്കാൻ നമുക്ക് കഴിയും. പക്ഷേ ചന്ദനം വീടുകളിൽ

വളർത്തിയാലും പിന്നീട് അത് മുറിച്ചുവിൽക്കാൻ നമുക്ക് പ്രയാസമുണ്ട്. അത് മറികടക്കുന്നതിന് വേണ്ടിയാണ് ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ചന്ദന മാഫിയയ്ക്കെതിരെ മുഖം നോക്കാത്ത നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇപ്പോൾ ഈ ബില്ലിന്റെ ഭാഗമായി നമുക്ക് വീടുകളിൽ ചന്ദനം വച്ചുപിടിപ്പിക്കാനും വനപാലകരുടെ സഹായത്തോടുകൂടി വിൽക്കുന്നതിനും കഴിയുന്ന നിലയിലേക്ക് കാര്യങ്ങൾ വന്നിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലും 2025-ലെ കേരള വന (ഭേദഗതി) ബില്ലും ഒരുമിച്ചാണ് ഇവിടെ ചർച്ചയ്ക്ക് വന്നിരിക്കുന്നത്. കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മുടെ നാട്ടിൽ കാട്ടുമൃഗങ്ങളെക്കൊണ്ടുള്ള ശല്യം അതീവ ഗുരുതരമായി തുടരുകയാണ്. അതിൽ പന്നിക്കൂട്ടങ്ങൾ, ആന, കടുവ, പുലി, കാട്ടുപോത്ത് എന്നീ മൃഗങ്ങൾ നാട്ടിലെ ജനങ്ങളുടെ മണ്ടയ്ക്കാണ് കേറുന്നത്. ഇവയെക്കൊണ്ട് പൊറുതിമുട്ടിയിരിക്കുന്ന ഒരു സന്ദർഭത്തിൽ ഇങ്ങനെയൊരു ബിൽ വന്നത് കുറച്ച് ആശ്വാസം നൽകും. പ്രത്യേകിച്ചും ആക്രമണകാരികളായ പന്നികളെ വെടിവച്ചുകൊല്ലാൻ കഴിയുന്ന തരത്തിലേക്ക് ഇത് മാറുന്നത് അല്ലെങ്കിൽ ഈ ബിൽ പാസായാൽ നമുക്ക് ഗുണകരമായിരിക്കും എന്നുള്ളതാണ്.

ഇതിനുപുറമെ കാട്ടിലെ മാൻ കുട്ടങ്ങളുണ്ട്. ഇവ നിരുപദ്രവകാരികളാണ്. പാവപ്പെട്ട മൃഗങ്ങളാണ് കാട്ടിലെ മാൻകുട്ടമെന്ന് പറയുന്നത്. എന്നാൽ ഈ നാട്ടിലെ ചില മാൻകുട്ടങ്ങൾ ഉണ്ട്, അവ ആപൽകാരികളും അപകടകാരികളുമാണ്. ഇത്തരം മാൻകുട്ടങ്ങളെക്കൊണ്ട് കേരളീയ ജനത പൊറുതിമുട്ടിയ സന്ദർഭങ്ങൾ വന്നിട്ടുണ്ട്. സ്വന്തം അച്ഛനെക്കാൾ പ്രായമുള്ള ആളുകളെ " എടോ" എന്ന് അഭിസംബോധന ചെയ്യുന്ന മാൻകുട്ടവും ഈ നാട്ടിലുണ്ട്. ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് സമയത്ത് വാഹനം ഉദ്യോഗസ്ഥൻ തടഞ്ഞതിനെത്തുടർന്ന്, സ്വാഭാവികമായും എല്ലാവരും വഴങ്ങി കൊടുക്കുന്ന സമയത്തും ആ ഉദ്യോഗസ്ഥനോട് " നിന്റെ സർവീസിന്റെ പാരിതോഷികം ഞാൻ തരാം" എന്ന് പറഞ്ഞതും ഒരു മാൻകുട്ടമാണ്. ആ ഉദ്യോഗസ്ഥൻ വല്ലാതെ വിഷമിച്ചുപോയി. ദൈവമുണ്ടോ ഇല്ലയോയെന്ന് എനിക്ക് പറയാൻ കഴിയില്ല. പക്ഷേ പണി കിട്ടി, അദ്ദേഹത്തിന്റെ കരച്ചിൽ നന്നായി ഏറ്റു. മാനുകൾ വലിയ ചാട്ടമാണ്, എന്നെക്കാൾ പൊക്കമുള്ള അല്ലെങ്കിൽ ആറ്, ഏഴ് അടി പൊക്കമുള്ള തെങ്ങിന്റെ മുകളിലൂടെയൊക്കെ മാൻകുട്ടം ചാടാറുണ്ട്, ഇവിടെയും ചാടുകയാണ്. തിരുവനന്തപുരത്ത് നിന്ന് എറണാകുളത്തേക്കും

എറണാകുളത്ത് നിന്ന് തൃശ്ശൂരിലേക്കും അവിടെ നിന്നുമൊക്കെ ചാടുകയാണ്. ചില ചാട്ടങ്ങൾകൊണ്ട് ബാംഗ്ലൂർ വരെ എത്തി. ഇങ്ങനെ ചാടുന്നത് ശരിയല്ലെന്ന് കണ്ട് മയക്ക് വെടി വയ്ക്കാൻ തീരുമാനിച്ചു. മയക്ക് വെടി വച്ചു, ഏറ്റില്ല. മയക്ക് വെടി വെച്ചവരുടെ നേർക്ക് തന്നെ തിരിഞ്ഞുവന്നു. കാട്ടിലെ പാവപ്പെട്ട മാൻകുട്ടം വല്ലാതെ പേടിച്ച് വിറച്ചിരിക്കുകയാണ്. ഈ ബില്ലിന്റെ ഭാഗമായി ഉപദ്രവകാരിയാണെങ്കിലും ഏത് മൃഗമാണെങ്കിലും ആ മൃഗത്തെ വെടിവെച്ച് കൊല്ലാനുള്ള നിലപാടുകൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. പ്ലീസ്... പ്ലീസ്...

ശ്രീ. വി. ജോയി: സർ, ഇവിടെ നിങ്ങൾ ചെയ്തോണ്ടിരിക്കുകയാണല്ലോ. ഇപ്പോൾ 10 പേരെയായല്ലോ നിങ്ങൾ കൊന്നത്. നിങ്ങളുടെ കൂടെയുള്ള ആളുകളെ കൊന്നുകൊണ്ടിരിക്കുകയാണല്ലോ. വളരെ മോശമായ കാര്യമാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, ......(മൈക്ക് ഓഫ്).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്.

ശ്രീ. വി. ജോയി: സർ, നിങ്ങളുടെ കൂടെയുള്ള ആളുകളെ കൊന്നുകൊണ്ടിരിക്കുകയാണ്. എത്ര പേരെയാണ് കൊന്നത്? ശ്രീ. റോജി എം. ജോൺ, കോൺഗ്രസിന്റെ അവസ്ഥ ഞാൻ പറയാതിരിക്കുന്നതാണ് നല്ലത്, വളരെ മോശമാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. എ. പി. അനിൽ കുമാർ: സർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാന്യനായ എ. കെ. എം. അഷ്റഫ് ഇന്ന് നിയമസഭാ കവാടത്തിൽ സത്യാഗ്രഹ സമരത്തിലായതുകൊണ്ടാണ് അദ്ദേഹത്തിനുവേണ്ടി ഞാൻ സംസാരിക്കുന്നത്. 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവയാണ് മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ചന്ദനമരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള അധികാരം കൊടുക്കുന്ന കാര്യത്തെക്കുറിച്ചാണ് മന്ത്രി

ആദ്യ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. പൊതുവെ എല്ലാവരും ആ ഒരു കാര്യത്തോട് യോജിപ്പ് പ്രകടിപ്പിക്കുന്നവരാണ്. ഞാൻ ഈ ബിൽ വായിച്ചു കഴിഞ്ഞപ്പോൾ എനിക്ക് മനസ്സിലാവാത്ത കാര്യം, ചന്ദനമരത്തെ കുറിച്ചുള്ള കാര്യം രണ്ടാമതാണ് വന്നത്. ആദ്യം ആ ബില്ലിൽ വരുന്നത്, “ വനം ഉദ്യോഗസ്ഥൻ" എന്നാൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ ഫോറസ്റ്റ് കൺസർവേറ്ററായോ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററായോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായോ വൈൽഡ് ലൈഫ് വാർഡനായോ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായോ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായോ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായോ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായോ തടി ഡിപ്പോ ഓഫീസറായോ ബീറ്റ് ഫോറസ്റ്റ് ഓഫീസറായോ വാച്ചറായോ അല്ലെങ്കിൽ ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം വനം ഉദ്യോഗസ്ഥന്റെ ഏതെങ്കിലും ചുമതല നിർവഹിക്കുവാനായോ പേരു പറഞ്ഞോ, ഗവൺമെന്റിന്റെ ഉത്തരവുകൾ മൂലമോ ഉത്തരവുകൾ പ്രകാരമോ,

ഉദ്യോഗം വഹിക്കാനോ നിയമിക്കപ്പെടുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;" എന്നതാണ്. അപ്പോൾ ഫോറസ്റ്റ് ഓഫീസർ എന്നുള്ള പദവി താഴെ തട്ടിൽ വാച്ചർ മുതൽ മുകളിലോട്ടുള്ള ആളുകൾക്ക് വരെ നൽകുന്ന ഒരു സാഹചര്യമാണ് വരുന്നത്. ഇക്കാര്യമാണ് ഇതിനകത്ത് പറയുന്നത്. ചന്ദനമരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം പറയുമ്പോൾ, ഈ നിയമം തുടങ്ങുന്നത് ഇവിടെയാണ്. ഇതിനകത്ത് ജീവനക്കാരുടെ താല്പര്യങ്ങൾ ഉണ്ടാവാം. സാധാരണ ജനങ്ങൾ ഇന്ന് ഫോറസ്റ്റ് ഉദ്യോഗസ്ഥരിൽനിന്ന് അനുഭവിക്കുന്ന പ്രയാസങ്ങൾ, ദുരിതങ്ങൾ, ബുദ്ധിമുട്ടുകൾ ഒക്കെ അങ്ങേയ്ക്കും വ്യക്തമായിട്ട് അറിയാമല്ലോ. ഇന്ന് ഏറ്റവും കൂടുതൽ ജനങ്ങൾ ഭയപ്പെടുന്നത് പോലീസിനെയാണോ എക്സൈസിനെയാണോ അതല്ലെങ്കിൽ മറ്റേതെങ്കിലും വിഭാഗത്തെയാണോ എന്ന് ചോദിച്ചാൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരെയാണെന്ന് എനിക്ക് പറയാൻ കഴിയും. പോലീസിന്റെ കാര്യം നമുക്കറിയാം. അതിനേക്കാൾ കൂടുതൽ ഇന്ന് ഫോറസ്റ്റ് ഉദ്യോഗസ്ഥർ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ അവർക്ക് ഇത്തരം ഒരു പദവി കൊടുത്തുകൊണ്ട് ഒരു മാറ്റം ഈ നിയമത്തിൽ കൊണ്ടുവന്നതിനെക്കുറിച്ച് എന്തുകൊണ്ടാണ് അങ്ങ് ബിൽ അവതരിപ്പിച്ച്

സംസാരിച്ചപ്പോൾ ഒരു വാക്ക് പറയാതെ പോയത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹം താഴെതട്ടിലുള്ള ആളുകളെ വരെ പറഞ്ഞു. ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് എന്ന് പറയുന്ന ഹോഫ് (HoFF) ഉണ്ട്. ഫോറസ്റ്റ് ഫോഴ്സിന്റെ ഏറ്റവും തലപ്പത്തിരിക്കുന്ന ആ ഉദ്യോഗസ്ഥന്റെ പേര് ഇല്ല. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ ഹെഡ് ആണ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് എന്ന് പറയുന്നത്. അദ്ദേഹത്തിന്റെ പേര് ഒഴിവാക്കി അതിന് താഴെയുള്ള കുറേ അധികം ആളുകളുടെ പേര് പറഞ്ഞിരിക്കുകയാണ്. അപ്പോൾ ഈ നിയമം എങ്ങനെയാണ് കറക്ട് ആകുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ഗവൺമെന്റ് തന്നെ പ്രിൻസിപ്പൽ ആക്ടിലെ 52-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് ഒരു ഡ്രാഫ്റ്റ് ബിൽ ഇവിടെ കൊണ്ടുവന്നു. അത് അസംബ്ലിയിലേക്ക് വരുന്നതിനുമുമ്പ് വളരെ വലിയ രീതിയിലുള്ള ആക്ഷേപമുണ്ടായി എന്നാണ് തോന്നുന്നത്. കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും ഭാഗത്ത് നിന്ന് മാത്രമല്ല, കേരള കോൺഗ്രസിന്റെ ഉൾപ്പെടെ ശക്തമായ വികാരം ആ ബില്ലിനെതിരെ

പ്രകടിപ്പിച്ചു. ആ ബില്ലിനകത്ത് പറഞ്ഞിരുന്ന പ്രധാനപ്പെട്ട കാര്യം, ബീറ്റ് ഓഫീസർ ഉൾപ്പെടെയുള്ളവർക്ക് ആരെയും അറസ്റ്റ് ചെയ്യുവാനും അവരെ retain ചെയ്യാനും 24 മണിക്കൂർ നേരം ക്വസ്റ്റ്യൻ ചെയ്യാനുമുള്ള അവസരം ഉണ്ടാകുമെന്ന രീതിയിലുള്ള ഒരു നിയമമാണ് കൊണ്ടുവന്നത്. പ്രിൻസിപ്പൽ ആക്ടിലെ 52-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ടുള്ള നിയമം അങ്ങ് പിൻവലിച്ചു, അതിനെക്കുറിച്ച് ഞാൻ തന്നെ ഈ സഭയിൽ ചോദിച്ചപ്പോൾ അങ്ങ് പറഞ്ഞു, 2013-ൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമം തന്നെയാണ് ഞങ്ങൾ വീണ്ടും കൊണ്ടുവന്നത് എന്നാണ്. ആ ഒരു കാര്യം തെറ്റായിരുന്നു എന്ന് ഞാൻ നിയമസഭയിൽ പറഞ്ഞു, അങ്ങ് ഖേദം പ്രകടിപ്പിച്ചു. അങ്ങനെ 2013-ൽ യു.ഡി.എഫ്.-ന്റെ കാലത്ത് അത്തരം ഒരു നിയമം ഞങ്ങൾ കൊണ്ടുവന്നില്ലെന്ന വിവരം അങ്ങ് അംഗീകരിച്ചു, അത് തെറ്റ് പറ്റിയതാണെന്ന് ഈ നിയമസഭയിൽ പറഞ്ഞു. ഞാൻ പറഞ്ഞു വരുന്നത്, അന്ന് കൊണ്ടുവന്ന അല്ലെങ്കിൽ ജനങ്ങളുടെ പ്രതിഷേധത്തിന് ഇടയിൽ നിങ്ങളുടെ മുന്നണിയിൽപ്പെട്ടവർതന്നെ പ്രതിഷേധിച്ചതിനിടയിൽ പിൻവലിച്ച ഈ നിയമം ഇന്ന് ചന്ദനമരങ്ങൾ മുറിക്കുന്നതിനുള്ള ബില്ലിലൂടെ ഒരു കള്ളക്കടത്ത് നടത്തുന്നു എന്നുള്ളതാണ്. അന്ന് എന്തൊക്കെയാണോ

ആഗ്രഹിച്ചത് ആ ആഗ്രഹിച്ച കാര്യങ്ങളൊക്കെ ഇന്ന് ഈ ഒരു നിയമ ഭേദഗതിയിലൂടെ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക്, ഫോറസ്റ്റ് ഓഫീസർ എന്ന പദവി നൽകുമ്പോൾ നിലവിലുള്ള ആ ആക്റ്റിന് അനുസരിച്ച് ഫോറസ്റ്റ് ഓഫീസർക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമോ, ആ കാര്യങ്ങളൊക്കെ ചെയ്യാനുള്ള അവസരമൊരുക്കുകയാണ്. അപ്പോൾ, നിലവിലുള്ള ഫോറസ്റ്റ് ഓഫീസർ എന്ന ഡെഫിനിഷനിൽ വരുന്ന മാറ്റം എല്ലാ വിഭാഗം ജീവനക്കാർക്കും ലഭിക്കുന്നു എന്നല്ല. ആ ഫോറസ്റ്റ് ഓഫീസർക്ക് ആ ഡെഫിനിഷനിലൂടെ എന്തെല്ലാം അധികാരമുണ്ടോ ആ അധികാരങ്ങൾ താഴെത്തട്ടിൽ വരെ പോവുകയാണ്. നിലവിലുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെ അധികാരംകൊണ്ട് തന്നെ സാധാരണ മലയോര മേഖലയിലുള്ള ആളുകൾക്ക് ഇത് ഉൾക്കൊള്ളാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ ശ്രദ്ധിക്കേണ്ട കാര്യമാണ്. നിങ്ങളും കൂടി അന്ന് ശബ്ദം ഉയർത്തി പ്രതിഷേധം പറഞ്ഞിട്ടാണ് ബിൽ അന്ന് ഗവൺമെന്റ് തിരിച്ചെടുത്തത്. ആ ബിൽ ഇന്ന് വേറെ രീതിയിലൂടെ വരുന്നു. നിങ്ങൾ അത് കണ്ടിട്ടാണോ, കാണാതെയാണോ കേരള കോൺഗ്രസ് ഉൾപ്പെടെയുള്ളവർ മൗനം പാലിക്കുന്നതെന്ന് എനിക്കറിയില്ല.

അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ആ ബില്ലിലെ ഏത് ഭാഗമാണ് ഉന്നയിക്കുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, വനം നിയമവുമായി ബന്ധപ്പെട്ട ഏതുകാര്യവും ആര് സംസാരിക്കുമ്പോഴും അങ്ങ് വളരെ ശ്രദ്ധയോടുകൂടി കേട്ടിരിക്കേണ്ട ആളാണ്. ഞാൻ വ്യക്തമായി പറഞ്ഞു, ഈ നിയമത്തിൽ ആദ്യം സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണത്തിൽ പറഞ്ഞില്ല, ബിൽ അവതരിപ്പിച്ച് സംസാരിച്ചപ്പോൾ പറഞ്ഞില്ല. രണ്ടാമത്തെ കാര്യം മാത്രമാണ് സൂചിപ്പിച്ചത്. ഒന്നാമത്തെ കാര്യം, വാച്ചർ മുതലുള്ള ഉദ്യോഗസ്ഥർക്ക് ഫോറസ്റ്റ് ഓഫീസർ എന്ന ഡെസിഗ്നേഷനും സ്റ്റാറ്റസും നൽകുന്ന സാഹചര്യത്തെക്കുറിച്ചാണ്. അങ്ങനെ വരുമ്പോൾ നിലവിലുള്ള ആക്റ്റിലെ അധികാരങ്ങൾ താഴെത്തട്ടിലേക്ക് പോകുന്ന സാഹചര്യമുണ്ടാകും. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ക്ഷമിക്കണം. ഞാൻ ഒന്ന് വഴങ്ങിയതാണ്, ഇനി വഴങ്ങില്ല, എനിക്ക് സമയപരിമിതിയുണ്ട്.

ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം എന്തുകൊണ്ട് പറഞ്ഞില്ലെന്നാണ്

ഞാൻ ചോദിക്കുന്നത്. അപ്പോൾ ഇതിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ താൽപര്യമുണ്ട്, മുമ്പുകൊണ്ടുവന്ന നിയമം എതിർപ്പിന്റെ പേരിൽ മാറ്റിവച്ചു, എന്നാൽ വീണ്ടും അത് ചന്ദനമരങ്ങൾക്കിടയിലൂടെ കൊണ്ടുവരാൻ ഈ ഗവൺമെന്റ് ശ്രമിക്കുകയാണ്. മലയോരമേഖലയിലെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ബുദ്ധിമുട്ടും പ്രയാസവുമുണ്ടാക്കുന്ന ഒന്നായിരിക്കും ഈ പുതിയ നിയമമെന്നുള്ളത് ഓർക്കണം. അതുകൊണ്ട് അത് എങ്ങനെ നിയന്ത്രിക്കാമെന്നുള്ളത് ആലോചിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. എം. അഷ്റഫ് ഏൽപ്പിച്ച ഉത്തരവാദിത്വമാണ് പരിണിതപ്രജ്ഞനായ അങ്ങ് വളരെ ഭംഗിയായി ഇവിടെ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. എം. അഷ്റഫിന് സഭയിൽവന്ന് സംസാരിക്കാൻ സാധിക്കാത്ത സാഹചര്യത്തെക്കുറിച്ച് നമുക്ക് അറിയാം. അദ്ദേഹവും ബഹുമാനപ്പെട്ട അംഗം ശ്രീ. സനീഷ്കുമാർ ജോസഫും ഈ സഭയുടെ കവാടത്തിൽ വലിയ

പോരാട്ടത്തിലാണ്. നീതിക്കും ധർമ്മത്തിനും ജനാധിപത്യ സംരക്ഷണത്തിനുംവേണ്ടി അവർ നടത്തുന്ന പോരാട്ടത്തിന് അഭിവാദ്യം അർപ്പിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. എം. അഷ്റഫ് ആയിരുന്നു ഇന്നത്തെ ചർച്ചയിൽ പങ്കെടുക്കുന്നതെങ്കിൽ അദ്ദേഹം ഈ ചന്ദനത്തേക്കാൾ പ്രാധാന്യമേറിയ ഒരു വിഷയത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുമായിരുന്നു. വിഷയവുമായി ബന്ധമില്ലാത്തതാണെന്ന് നമുക്ക് തോന്നാമെങ്കിലും ജനങ്ങളെ ബാധിക്കുന്ന വലിയ ഒരു പ്രശ്നമാണ്. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തെ മാത്രമല്ല, കാസർഗോഡ് ജില്ലയെ മുഴുവൻ ബാധിക്കുന്ന ഒരു പ്രശ്നമാണ്, അത് നമ്മൾ കണക്കിലെടുത്തേ തീരൂ. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഒരു ടോൾ പ്ലാസ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ആരിക്കാടിയിൽ ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ വലിയ ഒരു പ്രക്ഷോഭം നടത്തി, ഇപ്പോഴും അവർ സമരത്തിലാണ്. ഈ ടോൾ പ്ലാസ ജനവിരുദ്ധമാണ്, ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്, പുലിയേക്കാൾ ഭയക്കേണ്ട ഒരു പ്രശ്നമാണ്. 60 കിലോമീറ്ററിനുള്ളിൽ ഒരു ടോൾ പ്ലാസയേ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിതന്നെ ലോക്സഭയിൽ പറഞ്ഞിട്ടുള്ളതാണ്.

എന്നാൽ തലപ്പാടി കഴിഞ്ഞ് ആരിക്കാടിവരെ 22 കിലോമീറ്ററേയുള്ളൂ. 22 കിലോമീറ്ററിനുള്ളിൽ ഒരു ടോൾ പ്ലാസ നിർമ്മിക്കുകയാണ്, അതിന്റെ കാരണം പെരിയ ഭാഗത്ത് വർക്ക് ഏറ്റെടുത്തിരിക്കുന്നത് മെഗാ കൺസ്ട്രക്ഷൻ കമ്പനിയാണ്. അവർക്ക് അതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അത് പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ ശിക്ഷ ജനങ്ങളുടെ തലയിൽ വയ്ക്കുകയാണ്.

മി. ഡെപ്യൂട്ടി. സ്പീക്കർ: പ്ലീസ്.. പ്ലീസ്... ശ്രീ. എ. പി. അനിൽ കുമാർ, അങ്ങ് സംസാരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് പറഞ്ഞ ഒരു കാര്യം, ഫോറസ്റ്റ് ആണോയെന്നാണ് പ്രതിപക്ഷം ചോദിക്കുന്നത് എന്നാണ്. ബഹുമാനപ്പെട്ട അംഗം വി. ജോയി, ഫോറസ്റ്റിൽമാത്രം ഒതുങ്ങിനിന്ന് സംസാരിച്ചത് നമ്മളെല്ലാം കേട്ടതാണ്. ബില്ലാകുമ്പോൾ സ്വാഭാവികമായും, ബഹുമാനപ്പെട്ട അംഗങ്ങൾ അതുമായി ബന്ധപ്പെട്ട പൊതുവായ കാര്യങ്ങൾ കീഴ്വഴക്കം അനുസരിച്ച് ചർച്ച ചെയ്യുന്നു. ഇപ്പോൾ നമുക്ക് ഇത്രയും ലിമിറ്റ് ചെയ്തതാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ച ശ്രീ. എ. കെ. എം. അഷ്റഫിന്റെ മണ്ഡലത്തിലെ വിഷയം തീർച്ചയായും

വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണേണ്ടതാണ്. ശ്രീ. റോഷി അഗസ്റ്റിൻ, പ്ലീസ്... പ്ലീസ്... 12.00 മണിക്ക് അവസാനിപ്പിക്കേണ്ടതല്ലേ. പ്ലീസ്....

മി. ഡെപ്യൂട്ടി. സ്പീക്കർ: പ്ലീസ്, ഒരു മിനിറ്റ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നമുക്ക് പരസ്പരം മനസിലാക്കുന്നതിനുവേണ്ടിയാണ്. ഈ ബില്ലിൽ ഞാൻ ശ്രദ്ധിച്ചതും മനസിലാക്കിയതുമനുസരിച്ച്, ആദ്യം പറഞ്ഞ clause-ൽ തൊട്ടിട്ടില്ല. ഇവിടെ സാധാരണ പോലീസ് കോൺസ്റ്റബിളിനെ സിവിൽ പോലീസ് ഓഫീസർ എന്നുപറയുന്നതുപോലെ സ്റ്റാറ്റസിൽ change വരുത്തിയെന്നല്ലാതെ ആദ്യം നിലവിലുണ്ടായിരുന്നതിൽനിന്ന് ഒരു അധികാരവും ഒരു മാറ്റവും വരുത്തിയിട്ടില്ല. എന്റെ അറിവിൽപ്പെട്ട കാര്യം പറഞ്ഞതാണ്. അതിനെക്കുറിച്ച് വ്യക്തമായി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയട്ടെ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി മനസിലാക്കിയ പരിമിതിയെക്കുറിച്ച് ഞാൻ പറയുന്നില്ല, പക്ഷേ ഇത് വളരെ അപകടകരമായ കാര്യമാണ്, ഫോറസ്റ്റ് ഉദ്യോഗസ്ഥരെ നമുക്ക് അറിയാം.

വേട്ടയാടാനുള്ള പെർമിഷനും അംഗീകാരവും ലൈസൻസും വേണമെന്ന് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. യഥാർഥത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ വേട്ടയാടൽ നിയന്ത്രിച്ചാൽത്തന്നെ... മൃഗങ്ങളെ വേട്ടയാടുന്നതിനേക്കാൾ ക്രൂരമായാണ് മനുഷ്യരെ വേട്ടയാടിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലും ഒരു വീട്ടിൽ പന്നിയിറച്ചി കണ്ടാൽ വീടിനകത്ത് അടുക്കളയിൽക്കയറി കാണിക്കുന്ന ക്രൂരകൃത്യങ്ങളൊക്കെ നമ്മൾ കാണുന്നുണ്ട്. ഇന്നത്തെ ഭൂരിഭാഗം വരുന്ന വനം വകുപ്പുദ്യോഗസ്ഥരും ഇത്തരം കാര്യങ്ങൾ ചെയ്യുന്നവരാണ്. എല്ലാവരെയും ഞാൻ പറയുന്നില്ല, നല്ലവരായവരും അതിലുണ്ടാകും. അങ്ങനെയുള്ള വനം വകുപ്പുദ്യോഗസ്ഥരിലെ താഴെത്തട്ടിലുള്ളവർക്ക് കൂടുതൽ അധികാരം കൊടുക്കുന്നതാണ് ഈ സ്റ്റാറ്റസ്. നിങ്ങൾ ഇല്ലായെന്ന് കൈ ആക്ഷൻ കാണിച്ചതുകൊണ്ട് കാര്യമില്ല. നിങ്ങൾ നിയമം മനസിലാക്കണം. നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിക്കുമ്പോൾ ബില്ലിലുള്ള ഇക്കാര്യത്തെക്കുറിച്ച് ഒരു വരിയെങ്കിലും പറയേണ്ടേ എന്നാണ് ഞാൻ ചോദിക്കുന്നത്. അദ്ദേഹം ബോധപൂർവം അത് പറഞ്ഞില്ല, ചന്ദനമരത്തെക്കുറിച്ച് മാത്രമാണ് പറഞ്ഞത്. ഇക്കാര്യത്തെക്കുറിച്ച് അദ്ദേഹം

പറയണമായിരുന്നു. ഇതിൽ നിങ്ങൾ നിയമം നോക്കുകയും ബോധ്യം വരുത്തുകയും വേണം. കൂടുതൽ അധികാരം കൊടുക്കുന്ന സാഹചര്യമുണ്ടായാൽ അത് വലിയ പ്രയാസമുണ്ടാക്കുമെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഒന്ന് clarify ചെയ്യുകയാണ്. Amendment of section 2- ൽ പറയുന്നത്;

"Forest Officer" means any person appointed by name or as holding an office by or under the orders of the Government to be a Principal Chief Conservator of Forests, Additional Principal Chief Conservator of Forests, Chief Conservator of Forests, Conservator of Forests, Deputy Conservator of Forests, Assistant Conservator of Forests, Divisional Forest Officer, Wildlife Warden, Assistant Wildlife Warden, Range Forest Officer, Deputy Range Forest Officer, Section Forest Officer, Timber Depot Officer, Beat Forest Officer, Watcher or to discharge any function of a Forest Officer

under this Act or any rules made thereunder;" എന്നാണ്. ആദ്യമായി വാച്ചർക്ക് ഫോറസ്റ്റ് ഓഫീസറുടെ സ്റ്റാറ്റസ് വരുത്തിയിരിക്കുന്നത് ഈ ബില്ലിൽ ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രി അത് ഇല്ലെന്നുപറഞ്ഞുകൊണ്ട് പറഞ്ഞതാണ്. ഇക്കാര്യം കാബിനറ്റിൽ വന്നപ്പോൾ വാച്ചർ ഉൾപ്പെട്ട കാര്യം അങ്ങ് ശ്രദ്ധിച്ചില്ലേ? വാച്ചർക്ക് ഫോറസ്റ്റ് ഓഫീസറുടെ സ്റ്റാറ്റസും ഡെസിഗ്നേഷനും അധികാരവും കൊടുക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, സ്റ്റാറ്റസ് വന്നാൽ അത് എങ്ങനെ അധികാരം ആകും?

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ പ്ലീസ്...., ശ്രീ. എ. പി. അനിൽ കുമാർ, അങ്ങേയ്ക്ക് സംസാരിക്കാം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ചന്ദനമരങ്ങൾ വെട്ടിമാറ്റാൻ നിലവിലുള്ള തടസ്സങ്ങൾ നീക്കുന്ന ഒരു നിയമം എന്നുള്ള നിലയ്ക്ക് സ്വാഭാവികമായും എല്ലാവരും ഈ ബില്ലിനെ പൂർണമായും സ്വാഗതം ചെയ്യുമെന്നുള്ളതിൽ തർക്കമില്ല. പക്ഷേ അതോടൊപ്പംതന്നെ വളരെ വലിയ രീതിയിൽ കേരളം ചർച്ച ചെയ്ത മലയോരമേഖലയിലെ ജനങ്ങൾ

ആശങ്കയോടുകൂടി കണ്ടിരുന്ന ഒരു നിയമം ഇവിടെ കൊണ്ടുവരികയും ഈ നിയമത്തിനെതിരെ പൊതുവികാരം ഉണ്ടാകുകയും ആ വികാരത്തിന്മേൽ ഈ നിയമം ഗവൺമെന്റിന്റെ വനം വകുപ്പ് പിൻവലിക്കുകയും ചെയ്തു. ആ നിയമത്തിലുള്ള ക്ലോസുകൾ എന്താണോ അതാണ് ഞാൻ മുമ്പ് സൂചിപ്പിച്ച ചന്ദനമരങ്ങൾ വെട്ടിമുറിക്കുന്നതിനിടയിലൂടെ കൊണ്ടുവരുന്നത്. അത് ഗവൺമെന്റ് ഗൗരവത്തോടുകൂടി കാണുകയും അതിൽ എത്രത്തോളം അധികാരം കൊടുക്കുന്നുവെന്നുള്ളതും നിലവിലുള്ള ഫോറസ്റ്റ് ഓഫീസർ എന്ന ആക്റ്റിൽ അധികാരം എത്രമാത്രമുണ്ടെന്നും പരിശോധിക്കണമെന്ന് സൂചിപ്പിക്കുകയാണ്.

പൊതുസമൂഹം വളരെ പ്രധാനപ്പെട്ട ഒരു കാര്യമായാണ് രണ്ടാമത്തെ ബില്ലായ 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട് പറയുന്നത്. ഞാൻ വണ്ടൂർ നിയോജക മണ്ഡലത്തിൽനിന്നാണ് വരുന്നത്. എന്റെ മണ്ഡലത്തിലെ കാളികാവ്, ചോക്കാട്, കരുവാരക്കുണ്ട് എന്നീ മൂന്ന് പഞ്ചായത്തുകളിലെ കാര്യം പറയണമെങ്കിൽ ഒരു മണിക്കൂർ വേണം. അവിടെ അത്രമാത്രം രൂക്ഷമായ വന്യമൃഗശല്യമാണ് നിലനിൽക്കുന്നത്. ചെറുപ്പക്കാരുൾപ്പെടെ എത്രയോ ആളുകൾ വന്യമൃഗ

ആക്രമണത്തിൽ മരണപ്പെട്ടു. അതുകൊണ്ടുതന്നെ ശക്തമായ നിലപാടും ശക്തമായ നിയമവും ഉണ്ടാകണമെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. നിങ്ങൾ ഇപ്പോൾ കൊണ്ടുവന്ന ഈ നിയമത്തെ ഞങ്ങൾ ശക്തമായി എതിർക്കാനില്ല, അത് ഉപകരിക്കുമെങ്കിൽ അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവരുന്നത് എന്ത് ഉദ്ദേശ്യത്തിലാണ്; സദുദ്ദേശ്യത്തിലാണോ? ഒട്ടുമല്ലല്ലോ, ദുരുദ്ദേശ്യത്തിലാണ്. ഒരു തിരഞ്ഞെടുപ്പിന് ആറുമാസം മാത്രം ബാക്കിനിൽക്കെ ഇത്തരം ഒരു നിയമം കൊണ്ടുവന്ന് സഭയിൽ പാസാക്കി അംഗീകാരം ലഭിക്കണമെങ്കിൽ ഏതെല്ലാം കടമ്പകൾ കടക്കണം? ഈ നിയമസഭയുടെ കാലാവധി കഴിയുമ്പോൾ അത് ലഭിക്കുമോയെന്ന സംശയം ഒരുഭാഗത്ത് നിൽക്കുകയാണ്. ഇതിൽ നമുക്ക് ഗവർണറുടെയും പ്രസിഡന്റിന്റെയും assent വേണം. ഇതൊക്കെക്കഴിഞ്ഞ് ഇത് കൊണ്ടുവരുന്ന കാര്യം, ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോൾ അടുത്ത ഗവൺമെന്റ് അധികാരത്തിൽ വരുമെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ. അപ്പോൾ നിങ്ങൾ ഇങ്ങനെ ജനങ്ങളെ വഞ്ചിക്കാൻ പാടുണ്ടോ? ഇത് ഇപ്പോൾ തുടങ്ങിയതാണോ; ഇത് നിങ്ങൾക്ക് ഇപ്പോൾ തോന്നാൻ എന്താണ്

കാര്യം? കാട്ടാന, കടുവ തുടങ്ങിയവയുടെ ആക്രമണവും വന്യമൃഗശല്യവും എത്രപ്രാവശ്യം ഞങ്ങൾ ഈ സഭയിൽ റൂൾ 50-ലൂടെയും സബ്മിഷനിലൂടെയും ശ്രദ്ധക്ഷണിക്കലിലൂടെയും പ്രസംഗത്തിലൂടെയും കൊണ്ടുവന്നു. വന്യമൃഗശല്യം സംബന്ധിച്ച പ്രശ്നം 10 പ്രാവശ്യം റൂൾ 50-യിലൂടെ ഈ സഭയിൽ കൊണ്ടുവന്നു. പലരും അതിനെക്കുറിച്ച് പറഞ്ഞു, എന്നാൽ അന്ന് ഒന്നും നിങ്ങൾക്ക് തോന്നിയില്ല. വർഷങ്ങളായി ഞങ്ങൾ ഇത് പറഞ്ഞുകൊണ്ടിരിക്കുന്നു. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കുശേഷം എനിക്ക് continue ചെയ്യാൻ അവസരം വേണം.

മി. സ്പീക്കർ: Continue ചെയ്യാം. അങ്ങ് 16 മിനിറ്റ് സംസാരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ ബില്ലിൽനിന്നും മാറി സംസാരിക്കുന്നില്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് വീണ്ടും സംസാരിക്കണോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, സംസാരിക്കണം.

മി. സ്പീക്കർ: താങ്കളുടെ പ്രസംഗം നടപടികൾ നിർത്തിവയ്ക്കാനുള്ള

Legislative Business

Uncorrected/Not for publication
18-09-2025

ഉപക്ഷേപത്തിനുശേഷം  വീണ്ടും തുടരാം.

(തുടരും)